# മേക്കാട്ടുകുളം തോമുണ്ണി മകൻ അന്തോണി

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

മരണവും നികുതിയും പോലെ സുസ്ഥിരമായി ഒന്നുംതന്നെ ഭൂമിയിലില്ല. മനുഷ്യന്റെ "ഇഹലോക"വാസത്തിലെ മൂന്നു നാഴികക്കല്ലുകളായ ജനനം, ജീവിതം, മരണം എന്നീ പടവുകളുടെ അന്ത്യം കുറിക്കുന്ന മണിനാദം ക്രിസ്ത്യാനികൾ ഉൾപ്പെടെ എല്ലാവരും കേൾക്കുന്നു. "ഉണ്ടാക്കുന്നവൻ ഉപയോഗിക്കുന്നില്ല, ഉപയോഗിക്കുന്നവൻ ഉണ്ടാക്കുന്നില്ല" എന്ന കടങ്കഥയിലെ പഴമജ്ഞാനം തരുന്ന "ശവപ്പെട്ടി" എന്ന ഉത്തരം നമ്മെ തുറിച്ചു നോക്കുന്നു. മരണത്തിന്റെ മുമ്പിൽ ആരും തത്ത്വജ്ഞാനിയായി മാറുന്നു.

ശബ്ദത്തിലൂടെയോ കാഴ്ച്ചയിലൂടെയോ നാം ധാരാളം ഇടപഴുകുന്ന ഒരു വ്യക്തി വിട്ടുപോകുമ്പോൾ നമുക്ക് ശൂന്യതാബോധം ഉണ്ടാകുന്നു. ആ വിടവ് നാം നികത്തുക, ആത്മജ്ഞാനത്തിലും ബ്രഹ്മജ്ഞാനത്തിലും അഭിരമിച്ച് അന്തരിച്ച വ്യക്തിയുമായുള്ള ഇടപെടലുകൾ, അറിഞ്ഞോ അറിയാതെയോ എണ്ണിയെണ്ണി ഓർക്കുമ്പോഴാണ്. മതസ്ഥാപനം ആധുനികതകൾക്കിടയിലും നിലനിൽക്കുവാനുള്ള പ്രധാന കാരണവും, മരണമെന്ന, തിരിഞ്ഞു നടക്കാൻ കൂട്ടാക്കാത്ത കുട്ടിക്കുറുമ്പനോടുള്ള ഭയപ്പാടുതന്നെ!

ആന്റണിച്ചേട്ടനെ ഞാൻ കണ്ടുമുട്ടുന്നത് കേരളാ സെന്ററിലെ സർഗ്ഗവേദിയിൽ വെച്ചാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തെ ഒരു സാഹിത്യകാരനായാണ് മനസ്സിന്റെ കമ്പ്യൂട്ടർ ഡയറക്ടറിയിൽ ഞാൻ കുറിച്ചിട്ടുള്ളത്. മലയാളത്തിലും മേനേജുമെന്റിലും ബിരുദാനന്തരബിരുദങ്ങൾ നേടിയിട്ടുള്ള അദ്ദേഹം എഴുതിയ ലേഖനങ്ങളും കവിതകളും കഥകളും ആർക്കും കണക്കെടുക്കാൻ കഴിയാത്തതാണ്.

ചുരുക്കം സമയങ്ങളിൽ മാത്രമാണ് ആന്റണിച്ചേട്ടൻ തൂലികാനാമം ഉപയോഗിക്കാതിരുന്നിട്ടുള്ളത്. ജയകേരളം മുതൽ ജനനി വരെ അദ്ദേഹത്തിന്റെ കൃതികൾ ചിതറിയൊളിച്ചിരിക്കുന്നു: നിർമ്മൽ കുമാറും,

ഡോ. ഘോഷും, അമ്മിണിയും, പ്രിയദർശിനിയും, രാജഗോപാലനും എല്ലാം ഒരാളുതന്നെ എന്നറിഞ്ഞാൽ ആർക്കും അമ്പരപ്പുണ്ടാകും. ഇംഗ്ലീഷും വിദഗ്ദമായി കൈകാര്യം ചെയ്തിരുന്നു അദ്ദേഹം. കൃതികളൊന്നും പുസ്തകരൂപത്തിൽ ആക്കാൻ ആന്റണിച്ചേട്ടൻ മിനക്കെട്ടില്ലായെന്നത് നിർഭാഗ്യകരമായിപ്പോയി.

തന്റെ വിശ്വാസങ്ങളിൽ വിട്ടുവീഴ്ച്ചയില്ലാതെ അവസാന നിമിഷം വരെ ഉറച്ചുനിന്ന വ്യക്തിയായിരുന്നു ആന്റണിച്ചേട്ടൻ. ചെറുപ്പക്കാലത്തെ സ്വാധീനമായ കുമാരനാശാൻ എന്ന കവി മലയാളത്തിലെ എക്കാലത്തെയും വലിയ കവിയെന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചു; പറഞ്ഞു; എഴുതി. തനിക്കിഷ്ടമില്ലാത്ത കാര്യങ്ങളെപ്പറ്റി പറയുമ്പോഴും എഴുതുമ്പോഴും, അതിശയോക്തിയും നർമ്മം തിരുകിയ പുച്ഛരസവും അദ്ദേഹം ഇടകലർത്തി; നഖശിഖാന്തം എതിർക്കുമ്പോൾ സഹിഷ്ണുതാ സിദ്ധാന്തമൊന്നും അദ്ദേഹം ഏറ്റെടുത്തില്ല.

മലയാള സാഹിത്യത്തിലെ ഇതിഹാസങ്ങളായ പലരേയും കണ്ടും തൊട്ടുമറിഞ്ഞ ചുരുക്കം വ്യക്തികളിലൊരാളാണ് അദ്ദേഹം. മുണ്ടശ്ശേരിയും, എം.പി.പോളും, ബഷീറും, എം.ടി.യും, ടി.ജെ.എസ്. ജോർജും, ഒ.വി. വിജയനും പല കാലഘട്ടങ്ങളിലായി അദ്ദേഹത്തിന്റെ സൌഹൃദ വൃത്തത്തിൽ ഉൾപ്പെട്ടിരുന്നു. പഴയ സാഹിത്യപരിഷത്തിന്റെ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുള്ള അമേരിക്കയിലുണ്ടായിരുന്ന ചുരുക്കം പേരിലൊരാളായിരുന്നു ആന്റണിച്ചേട്ടൻ. മുണ്ടശ്ശേരിയുടെ ചൈനാ സന്ദർശനം സംബന്ധിച്ചുള്ള, കത്തിന്റെ രൂപത്തിലുള്ള പുസ്തകത്തിലെ അദ്ധ്യായങ്ങൾ ആരംഭിക്കുന്നത് “പ്രിയ ആന്റണി” എന്ന അഭിസംബോധനയിലൂടെയാണ്.

ആന്റണിച്ചേട്ടൻ അത്യാസന്നനിലയിലാണെന്ന് അദ്ദേഹത്തിന്റെ രോഗവിവരം ഉൾക്കൊള്ളുന്ന മെഡിക്കൽ ബുള്ളെറ്റിൻ അയച്ചു തന്നിരുന്ന അദ്ദേഹത്തിന്റെ ഭാര്യ അമ്മിണിച്ചേച്ചിയിൽ (ഡോ. തെരേസാ ആന്റണി) നിന്നും അറിഞ്ഞിരുന്നു. ആകാംക്ഷ ഏറുമ്പോൾ ഞാൻ വിളിച്ചും അന്വേഷിച്ചിരുന്നു.

അബോധാവസ്ഥയിൽ ചേതന മറയുന്ന വരെ ആന്റണിച്ചേട്ടൻ കർമ്മ നിരതനായിരുന്നു. ധിഷണാപരമായ മരണം അവസാന നിമിഷം വരെ സംഭവിക്കാത്ത ജീവിതം, ആരെയും കൂസാത്ത അദ്ദേഹത്തിൻറെ പ്രകൃതിക്ക് അനുസൃതം തന്നെ. സാഹിത്യം, സംഗീതം, സിനിമ, രാഷ്ട്രീയം, തൃശ്ശൂരിന്റെ മഹിമ/പാരമ്പര്യം എന്നിങ്ങനെ ഞങ്ങൾ സംസാരിക്കാത്ത വിഷയങ്ങൾ വിരളം. അവ ഞങ്ങളുടെ ടെലിഫോൺ സംഭാഷണങ്ങളെ ഇടതൂർത്തു.

ഞങ്ങളുടെ ടെലിഫോൺ വിളികൾക്കിടയിൽ പല കാരണങ്ങൾക്കൊണ്ടും കാലദൈർഘ്യം വന്നാൽ അദ്ദേഹം അസ്വസ്ഥനാകുമായിരുന്നു. ബന്ധപ്പെടുന്ന പല അവസരങ്ങളിലും അദ്ദേഹം നാടകീയമായി ഇങ്ങനെ തുടങ്ങും: "ഞാൻ മേക്കാട്ടുകുളം തോമുണ്ണി മകൻ അന്തോണി. ഇന്ന് 2016 ജനുവരി 1. ഇപ്പോൾ ടെന്നീസ് മേച്ച് കാണുന്നു. ... ... ..."

****************************************************************************************************

ചിത്രം:

പ്രൊ. എം.ടി. ആന്റണിയും പ്രിയതമ ഡോ. തെരേസാ ആന്റണിയും ഇഷ്ട പുത്രനായ സിംബയുമൊന്നിച്ച്.

